# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 4, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിലെ കേരളത്തിന്റെ സ്ഥാനം**

*181 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് 2025-ൽ പുറത്തിറക്കിയ 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ 18 പ്രധാന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ള 4 സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ധനവിനിയോഗത്തിലെ കാര്യക്ഷമത, വരുമാന സമാഹരണം, സാമ്പത്തിക അച്ചടക്കം, വായ്പയും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം, കടം താങ്ങാനുള്ള പരിധി തുടങ്ങിയ മിക്ക സൂചികകളിലും മറ്റു സംസ്ഥാനങ്ങൾക്ക് പിന്നിലായതിനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കായുള്ള നടപടികൾ**

*182 **ശ്രീ എം മുകേഷ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വ്യവസായ മേഖലയുടെ സുസ്ഥിരവളർച്ചയ്ക്കായി നടപ്പാക്കുന്ന നയപരിപാടികളെപ്പറ്റി വിശദമാക്കുമോ;

(ബി) സുസ്ഥിരഭാവി കണക്കിലെടുത്ത് സുസ്ഥിര സാങ്കേതികവിദ്യാ പദ്ധതികളിൽ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ ആഗോള നിക്ഷേപകർ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദാവോസിൽ വച്ച് നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ കേരളത്തിന്റെ സാധ്യതകൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>വിഴിഞ്ഞം - ബാലരാമപുരം ഭൂഗർഭ റെയിൽപാത നിർമ്മാണം</u>**

*183 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിലാകുന്നതോടെ തുറമുഖത്തെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് പ്രത്യേകമായ പരിശോധനകളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത വിഴിഞ്ഞം മുതൽ ബാലരാമപുരം വരെയുള്ള ഭൂഗർഭ റെയിൽപാതയ്ക്ക് വേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഡി.പി.ആർ.ന് ദക്ഷിണ റെയിൽവേയുടെ അനുമതിയും കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റെയിൽപാതയുടെ നിർമ്മാണത്തിനായി ഏതെങ്കിലും കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്നും അത് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം എന്താണെന്നും വിശദമാക്കാമോ?

**<u>എം.എസ്.എം.ഇ. യുടെ നിർവചനത്തിലെ മാറ്റം</u>**

*184 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈയിൽ കേന്ദ്ര സർക്കാർ എം.എസ്.എം.ഇ.കളുടെ നിർവചനത്തിൽ മാറ്റം വരുത്തിയിരുന്നോ; എങ്കിൽ മാറ്റം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാറ്റത്തിനു ശേഷം ഉദ്യം പോർട്ടലിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും എം.എസ്.എം.ഇ. കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന്

അറിയിക്കുമോ;

(സി) പ്രസ്തുത മാറ്റത്തെത്തുടർന്ന് കേരളത്തിലെ എം.എസ്.എം.ഇ. കളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് സംഭവിച്ചു എന്നത് വസ്തുതയാണോ; വിശദമാക്കുമോ?

**വയനാട് ദുരന്തനിവാരണ പദ്ധതികൾക്കുള്ള കേന്ദ്രവായ്പ**

*185 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തനിവാരണ പദ്ധതികൾക്കായി 529.5 കോടി രൂപയുടെ വായ്പ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കായാണ് ഈ തുക അനുവദിച്ചിരിക്കുന്നത് എന്നറിയിക്കുമോ;

(സി) ഈ പദ്ധതിയിലെ തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) ഉപാധികളോടെ വായ്പ അനുവദിച്ച കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**സാമ്പത്തിക വളർച്ചയിൽ നേടിയ പുരോഗതി**

*186 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ വി ജോയി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക ഞെരുക്കത്തിലും സർക്കാർ നടപ്പാക്കിയ വികസന പരിപാടികളുടെ ഗുണഫലമായി സാമ്പത്തിക വളർച്ചയിൽ പുരോഗതി നേടുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ദുരന്തനിവാരണ ചെലവിലുണ്ടായ ഗണ്യമായ വർദ്ധനവിനിടയിലും ക്ഷേമ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്താതെ വികസന പദ്ധതികൾക്കുള്ള പൊതു ചെലവ് ഉയർത്തിക്കൊണ്ടു വരുന്നതിന് തനത് നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേന്ദ്രസർക്കാർ നിഷേധാത്മക നിലപാട് സ്വീകരിച്ചിട്ടും അടിസ്ഥാന സൗകര്യ വികസന മേഖലയിൽ വലിയ തോതിലുള്ള വികസനം സാധ്യമാക്കുന്നതിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നയം നിർണ്ണായകമായിരുന്നോ; വിശദമാക്കുമോ?

**വൈദ്യുതി ഉല്പാദന മേഖലയിലെ ഭാവി പ്രവർത്തനങ്ങൾ**

*187 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ കെ യു ജനീഷ് കുമാർ**

**ശ്രീ. എ. രാജ**

**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉല്പാദന മേഖലയിൽ സംസ്ഥാനം വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വൈദ്യുതി ഉല്പാദനത്തിനായി സംസ്ഥാനത്തിന് അനുയോജ്യമായ പുതിയ മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; കാറ്റാടിപ്പാടങ്ങൾക്ക് അനുയോജ്യമായ പ്രദേശങ്ങൾ സംസ്ഥാനത്തുണ്ടോ; വിശദാംശം നൽകുമോ;

(സി) ഓഫ് ഷോർ കാറ്റാടി വൈദ്യുത പദ്ധതിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ സാഹചര്യം ഇതിനനുയോജ്യമാണോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പമ്പ്ഡ് സ്റ്റോറേജ് വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## സഹകരണ മേഖലയുടെ സമഗ്ര പുരോഗതി

*188 **ശ്രീ. കെ. ആൻസലൻ**

**ശ്രീ. എം.വിജിൻ**

**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന നയപരിപാടികളുടെ ഫലമായി ബാങ്കിംഗ് പ്രവർത്തനങ്ങളിൽ രാജ്യത്തെ ഒന്നാമത്തെ സഹകരണ ബാങ്കായി കേരള ബാങ്കിനെ മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരള ബാങ്കിന് അഞ്ച് വർഷം കൊണ്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(സി) യുവതലമുറയെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും ബാങ്ക് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യത്തിലേക്കെത്തുന്നുണ്ടോ; വിശദമാക്കുമോ?

## ശബരിമല വികസന അതോറിറ്റി

*189 **ശ്രീമതി ഒ എസ് അംബിക**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. പി.വി. ശ്രീനിജിൻ**

**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വികസന അതോറിറ്റി രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ശബരിമല വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

**തുറമുഖങ്ങളുടെയും അനുബന്ധ മേഖലകളുടെയും വികസന പ്രവർത്തനങ്ങൾ**

*190 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെയും അനുബന്ധ മേഖലകളുടെയും വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ചരക്കുനീക്കം സുഗമമാക്കുന്നതിന് സഹായകമായിട്ടുണ്ടോ; അറിയിക്കുമോ;

(ബി) വിവിധ തുറമുഖങ്ങളിലേക്കുള്ള ലോജിസ്റ്റിക് കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കേന്ദ്രസർക്കാരിന്റെ 2024-ലെ ലീഡ്സ് (ലോജിസ്റ്റിക്സ് ഈസ് എക്രോസ് ഡിഫറന്റ് സ്റ്റേറ്റ്സ്) റിപ്പോർട്ട് പ്രകാരം തീരദേശ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിന്നും കേരളത്തിന് മികച്ച നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; ഈ നേട്ടത്തിനാധാരമായി തുറമുഖ മേഖലയിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**നവസംരംഭങ്ങളുടെ ജി.എസ്.ടി. രജിസ്ട്രേഷൻ**

*191 **ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന 40 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള ചരക്ക് സ്ഥാപനങ്ങൾക്കും 20 ലക്ഷത്തിനു മുകളിൽ വരുമാനമുള്ള സേവനം നൽകുന്ന സ്ഥാപനങ്ങൾക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമായിരിക്കെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിൽ ആരംഭിച്ച മൂന്ന് ലക്ഷം സംരംഭങ്ങളിൽ ഭൂരിഭാഗവും ജി.എസ്.ടി. രജിസ്ട്രേഷനിൽ പ്രതിഫലിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യവസായ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

**തനത് നികുതി വരുമാന വർദ്ധനവ്**

*192 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ സൃഷ്ടിച്ച ധനഞെരുക്കം അതിജീവിക്കുന്നതിനായി തനത് നികുതി വരുമാനം ഉയർത്താൻ സ്വീകരിച്ച പ്രവർത്തനങ്ങൾ ഫലവത്തായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം തനത് നികുതി വരുമാനം വർദ്ധിച്ചത് എത്രയായിരുന്നു; എന്തു തുക ഈയിനത്തിൽ സമാഹരിക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(സി) 2025-26 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ പ്രതീക്ഷിക്കുന്ന തുകയെത്രയാണ്; വിശദമാക്കുമോ;

(ഡി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും ഈടാക്കുന്നതിനും നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ നികുതി വരുമാനം ഉയർത്തുന്നതിന് സഹായകമായിരുന്നോ; വിശദമാക്കുമോ?

## <u>പുതിയ തൊഴിൽ മേഖലകളിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ</u>

*193 **ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ സേവനങ്ങളിലടക്കം പുതിയ തൊഴിൽ മേഖലകളിലെ തൊഴിലാളികളുമായി സഹകരിക്കാൻ സഹകരണമേഖലയെ പ്രാപ്തമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്നവർ, ഷോപ്പുകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും തൊഴിലാളികൾ എന്നിവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫയർ സഹകരണ സംഘം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) സംസ്ഥാനത്തെ സാധാരണക്കാരായ വിദ്യാർത്ഥികളെയും യുവാക്കളെയും തൊഴിലന്വേഷകരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് നൈപുണ്യ വികസന വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കഴിയുന്നവിധം പുനർജനി പദ്ധതി വിപുലപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

*194 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വൈദ്യുതി പ്രസരണനഷ്ടം ഏറ്റവും കുറവുള്ള സംസ്ഥാനമായി മാറുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി ഈ രംഗത്ത് വരുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രസരണനഷ്ടം ഇനിയും കുറയ്ക്കുവാൻ ലക്ഷ്യമിടുന്നുണ്ടോ; ഇതിനായി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസരണനഷ്ടം കുറയ്ക്കുവാൻ കഴിഞ്ഞിട്ടും പ്രസരണചെലവിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ?

## <u>സഹകരണ സംഘങ്ങളിലെ വായ്പാ നിക്ഷേപ അനുപാതം</u>

*195 **ശ്രീമതി യു പ്രതിഭ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഏജൻസികളുടെ ഇടപെടലും കുപ്രചാരണങ്ങളും ഉണ്ടായിട്ടും സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞ വർഷത്തെക്കാൾ വളർച്ച നേടാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സാമ്പത്തികാവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപത്തിൽ തൃപ്തികരമായ വളർച്ച നേടിയിട്ടുണ്ടോയെന്നും നിക്ഷേപ വളർച്ചയ്ക്കാനുപാതികമായി വായ്പാ വിതരണവും വർദ്ധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) മറ്റു ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വായ്പാ നിക്ഷേപ അനുപാതം വർദ്ധിച്ചിട്ടുണ്ടോ; നബാർഡിന്റെ ക്ലാസിഫിക്കേഷനിൽ വന്നിട്ടുള്ള കുറവ് സഹകരണ ബാങ്കുകളെയാകെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

*196 **ശ്രീ. എച്ച്. സലാം**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്തെ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ വികസന സാധ്യതകൾ കണക്കിലെടുത്ത് സംസ്ഥാനത്തെ ഇടത്തരം തുറമുഖങ്ങൾ കൂടി നവീകരിച്ച് കടൽവഴിയുള്ള ചരക്ക് ഗതാഗതം

പരിപോഷിപ്പിക്കുന്നതിനും തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കേരള മാരിടൈം അക്കാദമി കാലോചിതമായി പരിഷ്കരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പുതിയ സംരംഭങ്ങളുടെ ജി.എസ്.ടി. രജിസ്ട്രേഷൻ</u>**

*197 **ശ്രീ. സണ്ണി ജോസഫ്**

**ശ്രീ. അൻവർ സാദത്ത്**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന 40 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ള ചരക്ക് സ്ഥാപനങ്ങൾക്കും 20 ലക്ഷത്തിന് മുകളിൽ വരുമാനമുള്ള സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്കും ജി.എസ്. ടി. രജിസ്ട്രേഷൻ നിർബന്ധമായിരിക്കെ വ്യവസായ വകുപ്പ് അവകാശപ്പെടുന്നതുപോലെ കഴിഞ്ഞ മൂന്ന് വർഷങ്ങൾകൊണ്ട് മൂന്ന് ലക്ഷം സംരംഭങ്ങൾ ആരംഭിച്ചിരുന്നെങ്കിൽ ഈ സംരംഭങ്ങളുടെ ഭൂരിഭാഗവും സംസ്ഥാനത്തിന്റെ ജി.എസ്.ടി. രജിസ്ട്രേഷനിൽ പ്രതിഫലിക്കുമായിരുന്നില്ലേ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; കാരണം വിശദമാക്കുമോ?

**<u>സംസ്ഥാനത്തെ ഹോർട്ടികൾച്ചർ ഹബ്ബാക്കി മാറ്റാൻ സഹകരണ മേഖലയിൽ പദ്ധതി</u>**

*198 **ശ്രീ വി ജോയി**

**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. ലിന്റോ ജോസഫ്**

**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വൻ മുന്നേറ്റം ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ ഹോർട്ടികൾച്ചർ ഹബ്ബാക്കി മാറ്റുന്നതിന് സഹകരണ മേഖലയിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഏകദേശം എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും അതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള നടീൽവസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) നേരിട്ടുള്ള വിപണനം സാധ്യമല്ലാതെ വരുന്ന അവസരങ്ങളിൽ കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിനും അവയെ സംസ്കരിച്ച് സൂക്ഷിക്കുന്നതിനും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## സ്റ്റാർട്ടപ്പ് മേഖലയുടെ വളർച്ചയ്ക്കായി നടപടികൾ

*199 **ശ്രീമതി സി. കെ. ആശ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്റ്റാർട്ടപ്പ് മേഖല സമാനതകളില്ലാത്ത മുന്നേറ്റമാണ് നടത്തുന്നതെന്ന് വ്യക്തമാക്കുന്ന ആഗോള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥാ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ് ഇൻകുബേറ്റർ ആയി കേരള സ്റ്റാർട്ടപ്പ് മിഷൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ പ്രവർത്തനഫലമായി ലോക നിലവാരത്തിലുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളുമായി ലോകശ്രദ്ധയാകർഷിക്കാൻ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ടോ; രാജ്യത്തെ ഏറ്റവും മികച്ച മൂന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്റ്റാർട്ടപ്പുകളിലൊന്നായി കേരളത്തിൽനിന്നുള്ള ജെൻ റോബോട്ടിക്സിനെ കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വിപുലീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; സ്റ്റാർട്ടപ്പുകൾക്ക് മികച്ച രീതിയിൽ രൂപകൽപ്പന ചെയ്ത തൊഴിലിടവും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം സംരംഭങ്ങൾ

*200 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം സംരംഭങ്ങൾ തുടങ്ങിയെങ്കിൽ അതുമൂലം രാജ്യത്തിന്റെ ജി.ഡി.പി.യിലേക്കുള്ള സംസ്ഥാന വിഹിതത്തിൽ വർദ്ധനവ് ഉണ്ടാകാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) രാജ്യത്തിന്റെ ജി.ഡി.പി.യിലേക്കുള്ള സംസ്ഥാന വിഹിതം 2022-ലും 2023-ലും 3.8 ശതമാനത്തിൽ തന്നെ മാറ്റമില്ലാതെ തുടരുകയാണെന്ന് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയുടെ റിപ്പോർട്ട് വെളിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് തുടങ്ങുന്ന വ്യവസായങ്ങൾ ജി.എസ്.ഡി.പി.യിലേക്ക് സംഭാവന ചെയ്യുന്നതിന് ആറേഴ് വർഷമെടുക്കുമെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ?

**കിഫ്ബി റോഡുകളിൽ ടോൾ**

*201 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ വരുമാനത്തിൽ വർദ്ധനവ് വരുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയുടെ വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണിത റോഡുകളിൽ ടോൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(സി) കിഫ്ബിയുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യത്തിലാണോ ടോൾ പിരിക്കാനുള്ള നീക്കം എന്ന് വ്യക്തമാക്കാമോ?

**കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിലെ വർദ്ധന**

*202 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഏകപക്ഷീയമായി വർദ്ധിപ്പിച്ചത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഉണ്ടാക്കിയിട്ടുള്ള അധിക ചെലവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ സംസ്ഥാന പങ്കാളിത്തം കൂടിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിലൂടെ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും സംസ്ഥാനങ്ങളുടെ താൽപര്യം കൂടി സംരക്ഷിക്കുവാൻ കഴിയുന്നുണ്ടോ; വെളിപ്പെടുത്തുമോ;

(സി) അഖിലേന്ത്യാ പരിഗണനകൾ വച്ച് കേന്ദ്രം തയ്യാറാക്കുന്ന പദ്ധതികൾ സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുസരിച്ച് നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ നൽകുന്ന തുക പര്യാപ്തമാണോ; വിശദമാക്കാമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനം**

*203 **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ**

**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി പൊതുമേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ;

(ബി) ചന്ദ്രയാൻ-3 അടക്കമുള്ള ബഹിരാകാശ ദൗത്യങ്ങൾക്ക് വേണ്ടി ഉന്നത നിലവാരത്തിലും ഉയർന്ന സാങ്കേതിക മികവുള്ള കമ്പോണന്റുകൾ നിർമ്മിച്ച് നൽകുവാൻ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഓർഡർ ലഭിച്ചിരുന്നോ; വിശദമാക്കാമോ;

(സി) പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>വനമേഖലയിൽ സമ്പൂർണ ഗ്രിഡ്ബന്ധിത സൗരോർജ്ജവൽക്കരണം</u>

*204 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുർഘടമായ വനാന്തരങ്ങളിലെ 'ഉന്നതി'കളിൽ വൈദ്യുതിയെത്തിക്കുന്നതിന് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) രാജ്യത്താദ്യമായി വനമേഖലയിൽ സമ്പൂർണ ഗ്രിഡ്ബന്ധിത സൗരോർജ്ജവൽക്കരണം സംസ്ഥാനത്ത് നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വനമേഖലയിലെ നിർധന കുടുംബങ്ങൾക്ക് മിച്ചമുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനും അതിലൂടെ വരുമാനം ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## <u>മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം സംരംഭങ്ങൾ</u>

*205 **ശ്രീമതി കെ. കെ. രമ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷത്തിലധികം സംരംഭങ്ങൾ തുടങ്ങിയെന്ന കണക്ക് എപ്രകാരമാണ് തിട്ടപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ വകുപ്പിന്റെ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റ് മുഖേനയല്ലാതെ സംസ്ഥാനത്ത് ഏതൊക്കെ രീതിയിൽ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യാമെന്ന്

വ്യക്തമാക്കുമോ;

(സി) സർക്കാർ അവകാശപ്പെടുന്ന 3 ലക്ഷം സംരംഭങ്ങൾ ഏത് പോർട്ടലിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും ഇതിന്റെ വിശദവിവരം പൊതുജനങ്ങൾക്ക് ലഭ്യമാക്കാത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

## നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം

*206 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് നിലവിലെ സർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കരണങ്ങളുടെ ഫലമായി നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് എത്താൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനം നിക്ഷേപ സൗഹൃദമായി മാറിയത് സംബന്ധിച്ച് വ്യാവസായിക ലോകം ചർച്ച ചെയ്യുന്ന അവസരത്തിൽ ഇതു സംബന്ധിച്ച് ചില കേന്ദ്രങ്ങൾ തെറ്റായ പ്രചരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇത്തരത്തിൽ സംസ്ഥാന താൽപര്യത്തിന് വിരുദ്ധമായി ദുഷ്പ്രചരണങ്ങൾ നടത്തുന്നവർ പോലും പിന്നീട് ആധികാരിക രേഖകളും സംസ്ഥാനത്തെ സാഹചര്യങ്ങളും പഠന വിധേയമാക്കി ബോധ്യപ്പെട്ടതിനുശേഷം മുൻ നിലപാട് തിരുത്തുവാൻ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## സംസ്ഥാനത്തിന്റെ ആഭ്യന്തര കടം

*207 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം മുൻവർഷങ്ങളെ അപേക്ഷിച്ച് ക്രമാതീതമായി വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നികുതി പിരിവിൽ വീഴ്ച വരുത്തുക വഴി ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാതെ വന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിയമവ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ ഭവിഷ്യത്തുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇത് മൂലം കേന്ദ്രത്തിൽ നിന്നുള്ള ഗ്രാന്റ് ഉൾപ്പെടെയുള്ള ധനസഹായങ്ങളിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ആണവ നിലയം സ്ഥാപിക്കാൻ നടപടി

*208 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. ഉബൈദുള്ള**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുത പ്രതിസന്ധി പരിഹരിക്കുന്നതിനായി ആണവ നിലയം സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആണവ നിലയം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് സുലഭമായ തോറിയം ഉപയോഗിച്ച് വൈദ്യുത നിലയം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടോ; വിശദമാക്കുമോ?

## <u>ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ</u>

*209 **ശ്രീ. എ. രാജ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന ശബരിമല മാസ്റ്റർപ്ലാൻ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ശബരിമലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് മാസ്റ്റർപ്ലാനിന് അനുസൃതമായി ഒരു ലേ ഔട്ട് പ്ലാനിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി നിലയ്ക്കലിനെ സമ്പൂർണ്ണ ബേസ് ക്യാമ്പാക്കി ഒരു ടൗൺഷിപ്പ് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>ക്ലീൻ എനർജി</u>

*210 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ക്ലീൻ എനർജി' എന്നറിയപ്പെടുന്ന ഹരിത ഹൈഡ്രജൻ ഉൽപ്പാദനത്തിനുള്ള സംസ്ഥാനത്തെ അനുകൂലാന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2040-ഓടെ നൂറുശതമാനം പുനരുപയോഗ ഊർജ്ജ അധിഷ്ഠിത സംസ്ഥാനമായി കേരളത്തെ പരിവർത്തനം ചെയ്യാൻ ലക്ഷ്യമിടുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി ഹൈഡ്രജൻവാലി ഇന്നൊവേഷൻ ക്ലസ്റ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; അറിയിക്കുമോ;

(ഡി) ഹൈഡ്രജൻ ഉൽപ്പാദനവും വിതരണവും എന്നതിന് പുറമേ ഈ രംഗത്തെ ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി

പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 ഫെബ്രുവരി 23, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].